പതിനാലാം കേരള നിയമസഭ
പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 4088 — 25.06.2018 ൽ മറുപടിയ്ക്ക്

## ശീതകാല പച്ചക്കറി കൃഷി തൊഴിലാളികളെ ഒഴിവാക്കാൻ വനം വകുപ്പ് ശ്രമം

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ. എസ്. രാജേന്ദ്രൻ | | അഡ്വ..കെ.രാജു (ബഹു. വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി) |
| (എ) | ദേവികുളം നിയോജകമണ്ഡലത്തിൽ ദേവികുളം താലൂക്ക് സർവ്വേ നം. 28/01ൽ കഴിഞ്ഞ 25 വർഷകാലമായി ശീതകാല പച്ചക്കറി കൃഷികൾ ചെയ്തു ജീവിച്ചുവരുന്ന തോട്ടം തൊഴിലാളികളെ പ്രസ്തുത ഭൂമിയിൽ നിന്നും ഒഴിവാക്കാൻ വനം വകുപ്പ് ശ്രമം നടത്തിവരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ദേവികുളം താലൂക്കിൽ കെ. ഡി. എച്ച് വില്ലേജിൽപ്പെട്ട സർവ്വേ നമ്പർ 28 ൽ പ്പെട്ട ഭൂമി 18.04.1980 ലെ 379 /80/ ആർ.ഡി നമ്പർ സർക്കാർ ഉത്തരവ് പ്രകാരം വനം വകുപ്പിന് കൈമാറിയിട്ടുള്ള 17922 ഏക്കർ ഭൂമിയിൽപ്പെട്ടതാണ്. പ്രസ്തുത ഭൂമി 08.10.2010 ലെ G.O (P) No. 67/2010/ F & WLD നമ്പർ സർക്കാർ ഉത്തരവ് പ്രകാരം പ്രൊപ്പോസ്ഡ് റിസർവ്വ് വനമായി വിജ്ഞാപനം ചെയ്തിട്ടുള്ളതാണ്. സമീപകാലത്ത് പ്രസ്തുത സ്ഥലം കയ്യേറി കൃഷി ചെയ്യാനുള്ള ശ്രമം വനം വകുപ്പ് തടഞ്ഞിട്ടുള്ളതാണ്. |
| (ബി) | ആയത് സംബന്ധിച്ച് സർക്കാർ സ്വീകരിച്ചിരിക്കുന്ന നടപടികൾ എന്തെന്ന് വ്യക്തമാക്കുമോ; | (ബി) | മേൽ ഉത്തരവിന്റെ വെളിച്ചത്തിൽ ബാധകമല്ല. |
| (സി) | പ്രസ്തുത വിഷയത്തിൽ തോട്ടം തൊഴിലാളികളെ സഹായിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ? | (സി) | പ്രൊപ്പോസ്ഡ് റിസർവ്വ് വനമായി വിജ്ഞാപനം ചെയ്തിട്ടുള്ള ഭൂമിയിൽ പുതിയ ദേഹണ്ഡങ്ങൾ ഒന്നുംതന്നെ അനുവദനീയമല്ല. |

സെക്ഷൻ ഓഫീസർ